Government Resolution

ഗവൺമെന്റ് പ്രമേയം (ചട്ടം 118)

(1) തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഷ്കരിക്കൽ

മി. സ്പീക്കർ: ചട്ടം 118 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോട്ടീസ് നൽകിയിരിക്കുന്ന പ്രമേയം അദ്ദേഹത്തിന് അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ചട്ടം 118 അനുസരിച്ചുള്ള പ്രമേയം ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടി അവതരിപ്പിക്കുകയാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ സ്വതന്ത്രവും സുതാര്യവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പുകളും, ഓരോ പൗരനും ഭരണഘടന ഉറപ്പുനൽകുന്ന സാർവത്രിക പ്രായപൂർത്തി വോട്ടവകാശവുമാണ്. എന്നാൽ, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ സമീപകാല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുരുതരമായ ആശങ്കകളും ആരോപണങ്ങളും രാജ്യത്തുടനീളം ഉയർന്നുവന്നിട്ടുള്ള ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്.

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (Special Intensive Revision) പേരിൽ കൃത്യമായ മാനദണ്ഡങ്ങളോ മുൻകൂട്ടിയുള്ള അറിയിപ്പുകളോ ഇല്ലാതെ,

ലക്ഷക്കണക്കിന് അർഹരായ പൗരന്മാരെ വോട്ടർപട്ടികയിൽ നിന്ന് നീക്കം ചെയ്തതായി പരാതികൾ ഉയർന്നിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റ തൊഴിലാളികൾ, യുവവോട്ടർമാർ എന്നിവരുടെ വോട്ടവകാശം സാങ്കേതിക തിരിമറികളിലൂടെയും അപാകതകളിലൂടെയും കവർന്നെടുക്കപ്പെടുന്നത് ജനാധിപത്യപരമായ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ്.

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ അപാകതകൾ കാരണം അർഹരായ നിരവധി വോട്ടർമാരുടെ പേരുകൾ പട്ടികയിൽനിന്ന് നീക്കം ചെയ്യപ്പെടുകയും, ജനാധിപത്യപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. 1950-ലെ ജന പ്രാതിനിധ്യ നിയമവും 1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങളും അനുസരിച്ച് ലോക്സഭാ, നിയമസഭ തിരഞ്ഞെടുപ്പുകളുടെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ അധികാരം സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ ഇല്ലാതാക്കിയെന്നതും, 1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങൾക്ക് വിരുദ്ധമായി ഫാറം 6 ഭേദഗതി വരുത്തിയെന്നതും;

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ നടപടികളിൽ കമ്മീഷനിലെ ഭൂരിപക്ഷം അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു എന്ന മാധ്യമ റിപ്പോർട്ടുകളും വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. വോട്ടർപട്ടിക തയ്യാറാക്കാനും പരിശോധിക്കാനും ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ, ജനപ്രാതിനിധ്യ നിയമത്തിനും ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും അനുസൃതമായി പൗരന്റെ വോട്ടവകാശം സംരക്ഷിക്കുന്ന രീതിയിൽ നിയമപരമായും സുതാര്യമായും പ്രവർത്തിപ്പിക്കുന്നതിൽ ഇലക്ഷൻ കമ്മീഷൻ പരാജയപ്പെട്ടിരിക്കുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനും, അർഹരായ മുഴുവൻ ആളുകളുടെയും വോട്ടവകാശം അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണഘടനാ സ്ഥാപനമായ തിരഞ്ഞെടുപ്പ് കമ്മീഷൻ ഭരണകൂട സ്വാധീനങ്ങൾക്ക് വഴങ്ങാതെ പൂർണ്ണമായും നിഷ്പക്ഷമായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ കമ്മീഷന്റെ നിലവിലെ പ്രവർത്തനങ്ങൾ അതിന്റെ സുതാര്യതയും വിശ്വാസ്യതയും ഇല്ലാതാക്കിയിരിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 326 ഉറപ്പുനൽകുന്ന പൗരന്റെ

അടിസ്ഥാനപരമായ അവകാശമായ വോട്ടവകാശം കവർന്നെടുക്കുന്നത് ഭരണഘടനാ ലംഘനമാണ്. വോട്ടർപട്ടികയിൽ ക്രമക്കേട് നടക്കുന്നത് ജനവിധിയെത്തന്നെ അട്ടിമറിക്കുന്നതിന് തുല്യമാണ്. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെയും കമ്മീഷണർമാരെയും തിരഞ്ഞെടുക്കുന്ന സമിതിയിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉണ്ടാകണമെന്ന് പരമോന്നത കോടതി വിധിച്ചിരുന്നു. എന്നാൽ, പിന്നീട് കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമത്തിലൂടെ ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി കേന്ദ്രമന്ത്രിസഭയ്ക്ക് ഭൂരിപക്ഷമുള്ള രീതിയിൽ സെലക്ഷൻ കമ്മിറ്റി മാറ്റിയത് സ്ഥാപനത്തിന്റെ നിഷ്പക്ഷത തകർത്തു. പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന നിഷ്പക്ഷ സമിതിക്ക് മാത്രമേ സ്വതന്ത്രരായ കമ്മീഷണർമാരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തിരഞ്ഞെടുക്കുന്ന സമിതിയിൽ പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

കമ്മീഷന്റെ നിഷ്പക്ഷതയിൽ ഗുരുതരമായ സംശയങ്ങൾ ഉയർന്ന സാഹചര്യത്തിൽ, വിശ്വാസ്യത നിലനിർത്താൻ ആരോപണവിധേയനായ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനിവാര്യമാണ്. ആയതിനാൽ, ജനാധിപത്യത്തിന്റെയും ഭരണഘടനാ മൂല്യങ്ങളുടെയും സംരക്ഷണത്തിനായി-

i. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ച് ഒഴിവാക്കപ്പെട്ട അർഹരായ മുഴുവൻ വോട്ടർമാരുടെയും വോട്ടവകാശം അടിയന്തരമായി പുനഃസ്ഥാപിക്കണമെന്നും;

ii. ആരോപണവിധേയനായ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും;

iii. തെരഞ്ഞെടുപ്പ് കമ്മിഷണർമാരെ തിരഞ്ഞെടുക്കുന്ന സമിതി, പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും

ഈ സഭ തെരഞ്ഞെടുപ്പ് കമ്മിഷനോടും കേന്ദ്രസർക്കാരിനോടും ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തിന്മേലുള്ള ഭേദഗതികൾ നാല് അംഗങ്ങൾ നൽകിയിട്ടുണ്ട്. അവർക്ക് ഭേദഗതികൾ അവതരിപ്പിക്കാം.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ആദ്യം പ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ മുഖ്യമന്ത്രി വ്യക്തമാക്കേണ്ടത് ലീഗൽ ആയിട്ടാണോ അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായത് എന്നാണ്. തിരഞ്ഞെടുപ്പ് ലീഗൽ ആണോ എന്നാണ് ആദ്യം വ്യക്തമാക്കേണ്ടത്. (ബഹളം.....ബഹളം)

മി. സ്പീക്കർ: അങ്ങ് ഭേദഗതി അവതരിപ്പിക്കൂ. ബഹുമാനപ്പെട്ട അംഗം, സാധാരണ നമ്മുടെ സിസ്റ്റം അനുസരിച്ച്, ഞാൻ കൃത്യമായ റൂൾ ആണ് പറയുന്നത്, ഒരു പ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ അതിന്റെ ഭേദഗതിയാണ് അവതരിപ്പിക്കേണ്ടത്. അത് താങ്കൾ എഴുതിത്തന്നിട്ടുണ്ട്. അത് ശരിയുമാണ്. ആ ഭേദഗതി ഇവിടെ മൂവ് ചെയ്യണം, അതിന് പകരം

വിപുലമായ ഒരു പ്രസംഗത്തിലേക്ക് പോകരുത്.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആദ്യ ഭാഗത്തെ "തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ കാരണം അർഹരായ നിരവധി വോട്ടർമാരുടെ പേരുകൾ പട്ടികയിൽ നിന്ന് നീക്കപ്പെടുകയും.." എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക.

"ആയതിനാൽ 2026-ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പ് റദ്ദാക്കുകയും നിയമസഭ പിരിച്ചുവിടുകയും വേണമെന്ന്".

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ "1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങൾക്ക് വിരുദ്ധമായി ഫാറം 6 ഭേദഗതി വരുത്തിയെന്നും.." എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക.

"ഈ മാധ്യമ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ തെറ്റെന്ന് ചൂണ്ടിക്കാട്ടിയതാണ്."

(2) പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ ആദ്യ ഭാഗത്തെ "ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പ് കമ്മീഷൻ ഭരണകൂട സ്വാധീനങ്ങൾക്ക്" എന്നതിന് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക.

"ഭരണഘടനാ സ്ഥാപനമായ തെരഞ്ഞെടുപ്പു കമ്മീഷനെ അപകീർത്തിപ്പെടുത്താനുള്ള തൽപരകക്ഷികളുടെ ശ്രമത്തെ അപലപിക്കുന്നു."

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) (പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡിക ഇനിപ്പറയുന്ന വിധം മാറ്റുക. "തീവ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (Special Intensive Revision) പേരിൽ കൃത്യമായ മാനദണ്ഡങ്ങളോ മുൻകൂട്ടിയുള്ള അറിയിപ്പോ ഇല്ലാതെ കോടി കണക്കിന് അർഹരായ പൗരൻമാരെ വോട്ടർ പട്ടികയിൽ

നിന്ന് നീക്കം ചെയ്തത് വസ്തുതയാണ്. കേരളത്തിൽ 24 ലക്ഷം വോട്ടർമാരെയാണ് നീക്കം ചെയ്തത്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, അതിഥി തൊഴിലാളികൾ, യുവ വോട്ടർമാർ, മുതിർന്ന പൗരൻമാർ എന്നിവരുടെ വോട്ടവകാശം സാങ്കേതിക തിരിമറികളിലൂടെയും അപാകതകളിലൂടെയും കവർന്നെടുക്കപ്പെടുന്നത് ജനാധിപത്യപരമായ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ്."

(2) പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ അവസാന വരിക്ക് തൊട്ടുമുൻപ് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക

" ഇലക്ഷൻ കമ്മീഷൻ തയ്യാറാക്കിയ ECI Net എന്ന സോഫ്റ്റ് വെയറിലൂടെയാണ് ഈ കൃത്രിമങ്ങൾ ചെയ്തത് എന്ന വസ്തുത പുത്തുവന്നിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് കേരളമുൾപ്പെടെ എസ്.ഐ.ആർ. നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെ വോട്ടുകൾ വെട്ടി മാറ്റിയത്."

<u>ശ്രീ. എം. വിജിൻ</u>: സർ, മൂന്ന് ഭേദഗതികളാണ് ഞാൻ ഇവിടെ നിർദ്ദേശിക്കുന്നത്.

(1) പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ "ആരോപണവിധേയനായ" എന്ന വാക്കിനുപകരം "ഈ കൃത്രിമത്തിന് ചുക്കാൻ പിടിച്ച" എന്ന വാക്ക് ചേർക്കുക.

(2) പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയുടെ അവസാന വരിക്ക് തൊട്ടുമുൻപ് താഴെപ്പറയുന്നവ കൂട്ടി ചേർക്കുക

"ഈ രീതിയിൽ വോട്ടർ പട്ടികയിൽ നിയമവിരുദ്ധമായ ഇടപെടലുകൾ സംസ്ഥാനങ്ങളിലെ ചീഫ് ഇലക്ടൽ ഓഫീസർമാർ വഴിയാണ് നടപ്പാക്കിയത്. ഈ ഗുരുതരമായ കൃത്രിമത്തിന് കൂട്ടുനിന്ന അതത് സംസ്ഥാനങ്ങളിലെ ചീഫ് ഇലക്ടൽ ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുക."

ECINET എന്ന അനധികൃത സോഫ്റ്റ്വെയറുപയോഗിച്ച് ബാഹ്യ ഇടപെടലുകളിലൂടെയാണ് കോടിക്കണക്കിന് വോട്ടർമാരെ വെട്ടിമാറ്റിയത്. കേരളത്തിൽ 24 ലക്ഷം വോട്ടർമാരെയും ഇതേ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് വെട്ടിമാറ്റിയത്. അതുകൊണ്ടുതന്നെ പ്രമേയത്തിലെ അവസാന ഖണ്ഡികയിൽ ഇനം iv ആയി ഇനിപ്പറയുന്നവ കൂട്ടിചേർക്കുക.

" iv. സംസ്ഥാനങ്ങളിൽ എസ്.ഐ.ആർ. ക്രമക്കേടുകൾക്ക് കൂട്ടുനിന്ന ചീഫ് ഇലക്ടറൽ ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും" കൂട്ടിചേർക്കുക.

മി.സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഭേദഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. കാരണം, ഇത് രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി ഉള്ള കണ്ടന്റിന് വിരുദ്ധമായ ഭേദഗതികളാണ്. ഒരു രാജ്യത്തെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സൗന്ദര്യമെന്ന് പറയുന്നത് 'ഫ്രീ ആൻഡ് ഫെയർ ഇലക്ഷൻ' ആണ്. അതാണ് മേജർ കംപോണന്റ്. 'ഫ്രീ ആൻഡ് ഫെയർ ഇലക്ഷൻ' എന്നുപറയുന്ന നീതിപൂർവ്വമായ തിരഞ്ഞെടുപ്പിന്റെ ഏറ്റവും അടിസ്ഥാന ഘടകം വോട്ടർ പട്ടികയാണ്. അതാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അട്ടിമറിക്കപ്പെട്ടത്. അതിനെതിരായി ഒരു ജനവികാരം രാജ്യത്ത് എല്ലായിടത്തും ഉയരുമ്പോൾ അതിനോടൊപ്പം ഈ സഭയും നിൽക്കുകയെന്നതാണ് ഈ പ്രമേയംകൊണ്ട്

ലക്ഷ്യമാക്കിയിരിക്കുന്നത്. ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. വി. മുരളീധരൻ, ശ്രീ. സജി ചെറിയാൻ, ശ്രീ. എം. വിജിൻ എന്നീ അംഗങ്ങൾ പൊതുവായ ചില കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. ഇതൊന്നും പ്രമേയത്തിന്റെ കണ്ടന്റിന് യോജിക്കുന്നതല്ല. ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ അന്ത:സത്തയ്ക്ക് യോജിക്കാത്തവ ആയതുകൊണ്ട് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, 'പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ 'ലക്ഷക്കണക്കിന്' എന്ന വാക്കിനുപകരം 'കോടിക്കണക്കിന്' എന്ന വാക്ക് ചേർക്കുക.

രാജ്യത്താകെ 13 കോടിയിലധികം വോട്ടർമാരാണുള്ളത്. അതിനാൽ 'ലക്ഷക്കണക്കിന്' എന്ന വാക്കിനുപകരം 'കോടിക്കണക്കിന്' എന്നാക്കുന്നതിൽ അപാകതയില്ലെന്നാണ് എനിക്ക് തോന്നുന്നത്. സാധാരണഗതിയിൽ പ്രമേയം അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. അക്കാര്യം കൂടി ആലോചിക്കുന്നത് നല്ലതായിരിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വാക്കാൽ ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച വാക്കാൽ ഭേദഗതി സ്വീകരിച്ചിരിക്കുന്നു. നേരത്തെതന്നെ പ്രതിപക്ഷാംഗങ്ങൾക്ക് ഇതിന്റെ പകർപ്പ് കൊടുത്തിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജി ചെറിയാൻ: ഞാൻ ഇവിടെ ഭേദഗതി അവതരിപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രിക്ക് അംഗീകരിക്കാവുന്ന ഒരു കാര്യം കൂടി പറഞ്ഞിരുന്നു. അതായത് 'കുടിയേറ്റം' എന്നത് 'അതിഥി തൊഴിലാളി' എന്നും 'അവകാശങ്ങൾ' എന്ന ഭാഗത്ത് 'തത്വങ്ങൾ' എന്നും മാറ്റിയാൽ ഉചിതമായിരുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്യപ്പെട്ടില്ല.)

ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. വി. മുരളീധരൻ, ശ്രീ. സജി ചെറിയാൻ, ശ്രീ. എം. വിജിൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം പാസ്സാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം പാസ്സായിരിക്കുന്നു.

(2) 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകൽ

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, "സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ 25-03-2025-ന് കേരള നിയമസഭ പാസ്സാക്കി 21-04-2025-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിച്ചത്. ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 200 പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസ്തുത ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയിലുള്ള ബില്ലിലെ ചില വ്യവസ്ഥകൾ പ്രത്യേകിച്ച് ഭൂമിയുടെ നിർബന്ധിത ഉടമസ്ഥത, കൈവശാവകാശം, നിർബന്ധിത സുരക്ഷ, സ്ഥിര നിക്ഷേപം എന്നിവ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാരിനോട് ചില സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ

സാഹചര്യത്തിൽ നിലവിലെ നിയമ നിർമ്മാണവുമായി മുന്നോട്ട് പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലായെന്നും 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകുവാൻ അഭ്യർഥിക്കുന്ന പ്രമേയം നിയമസഭ മുമ്പാകെ അവതരിപ്പിക്കാൻ 16-09-2026-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവർണ്ണർ മുഖേന കേന്ദ്ര സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

Government Resolution

1. പ്രമേയത്തിലെ ഒന്നാം വാക്യത്തിലെ 'വേണ്ടിയാണ്' എന്ന വാക്കിന് പകരം 'ഉദ്ദേശിച്ചാണ്' എന്ന വാക്ക് ചേർക്കുക.

2. പ്രമേയത്തിലെ രണ്ടാം വാക്യത്തിലെ 'ഇന്ത്യൻ' എന്ന വാക്ക് ഒഴിവാക്കുക.

3. പ്രമേയത്തിലെ രണ്ടാം വാക്യത്തിലെ 'നീക്കിവയ്ക്കുകയുണ്ടായി.' എന്ന വാക്കിനും ചിഹ്നത്തിനും പകരം 'മാറ്റിവയ്ക്കുകയുണ്ടായി.' എന്ന വാക്കും ചിഹ്നവും ചേർക്കുക.

4. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ 'പരിഗണനയിലുള്ള' എന്ന വാക്കിന് പകരം 'പരിഗണനയിലിരിക്കുന്ന' എന്ന വാക്ക് ചേർക്കുക.

5. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ "മന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാറിനോട് ചില സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്." എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ചില കാര്യങ്ങളിൽ സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെടുകയുണ്ടായി." എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

6. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയ്ക്ക് പകരം ഇനി പറയുന്ന ഖണ്ഡിക ചേർക്കുക.

"ഈ സാഹചര്യത്തിൽ നിലവിലെ നിയമനിർമ്മാണവുമായി മുന്നോട്ടു പോകേണ്ടതില്ലന്നും 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കിനൽകുവാൻ അഭ്യർഥിക്കുന്ന പ്രമേയം നിയമസഭ മുൻപാകെ അവതരിപ്പിക്കുവാനും 16-09-2026-ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി."

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ 'പരിഗണനയിലിരിക്കുന്ന' എന്ന വാക്കിന് പകരം 'പരിഗണനയ്ക്കായി മാറ്റിവച്ച' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ ഒന്നാം വാക്യത്തിലെ "തെരഞ്ഞെടുപ്പുകളും" എന്ന വാക്കിനു ശേഷമുള്ള ","എന്ന ചിഹ്നം ഒഴിവാക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ ആദ്യ വാക്യത്തിലെ "നീക്കം ചെയ്തതായി പരാതികൾ ഉയർന്നിട്ടുണ്ട്" എന്ന വാക്കുകൾക്ക് പകരം "നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "ഉയർന്നു വന്നിട്ടുള്ള" എന്ന വാക്കുകൾക്ക് പകരമായി "ഉയർന്നുവരുന്ന" എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "സാങ്കേതിക" എന്ന വാക്കിനു ശേഷം "കാരണങ്ങൾ ചൂണ്ടിക്കാട്ടി" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "എന്നിവരുടെ" എന്ന വാക്കിനു പകരം "തുടങ്ങിയവരുടെ" എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "രാജ്യത്തുടനീളം" എന്ന വാക്കിന് ശേഷം "വ്യാപകമായി" എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "ജനാധിപത്യപരമായ തത്വങ്ങളുടെ" എന്നീ വാക്കുകൾക്ക് പകരം "ജനാധിപത്യ മൂല്യങ്ങളുടേയും ഭരണഘടനാ തത്വങ്ങളുടേയും" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "യുവ വോട്ടർമാർ" എന്ന വാക്കിന് ശേഷം ", പുതിയ വോട്ടർമാർ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ ആദ്യ വാക്യത്തിലെ "പരിഷ്കരണത്തിന്റെ പേരിൽ" എന്നീ വാക്കുകൾക്കു പകരം "പരിഷ്കരണം എന്ന പേരിൽ" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ ആദ്യ വാക്യത്തിലെ "കൃത്യമായ" എന്ന വാക്കിനു പകരം "നിയമപരമായ" എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ രണ്ടാം വാക്യത്തിലെ "അപാകതകളിലൂടെയും" എന്ന വാക്കിന് പകരം "ഇല്ലാത്ത ന്യൂനതകൾ ചൂണ്ടിക്കാട്ടി" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിന്റെ മൂന്നാം ഖണ്ഡികയിൽ മൂന്നാം വാക്യത്തിലെ 'ഇലക്ഷൻ കമ്മീഷൻ' എന്ന വാക്കുകൾക്ക് പകരം "കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിന്റെ മൂന്നാം ഖണ്ഡികയിൽ മൂന്നാം വാക്യത്തിലെ 'ആളുകളുടെയും'

എന്ന വാക്കിന് പകരം 'പൗരന്മാരുടെയും' എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിന്റെ മൂന്നാം ഖണ്ഡികയിൽ മൂന്നാം വാക്യത്തിലെ "അടിയന്തിരമായി പുനസ്ഥാപിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "പുനഃസ്ഥാപിക്കുന്നതിനും അടിയന്തിരമായി" എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിന്റെ നാലാം ഖണ്ഡികയിലെ ഒന്നാം വാക്യത്തിലെ 'തെരഞ്ഞെടുപ്പ്' എന്ന വാക്കിന് മുൻപ് 'കേന്ദ്ര' എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിന്റെ നാലാം ഖണ്ഡികയിലെ ഒന്നാം വാക്യത്തിലെ 'നിഷ്പക്ഷമായി' എന്ന വാക്കിന് പകരം 'നിഷ്പക്ഷമായും നിയമപരമായും 'എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിന്റെ നാലാം ഖണ്ഡികയിലെ നാലാം വാക്യത്തിലെ 'നടക്കുന്നത് ' എന്ന വാക്കിന് പകരം 'നടത്തുന്നത് 'എന്ന വാക്ക് ചേർക്കുക.

പ്രമേയത്തിന്റെ അഞ്ചാം ഖണ്ഡികയിൽ രണ്ടാം വാക്യത്തിലെ "സ്ഥാപനത്തിന്റെ" എന്ന വാക്കിന് പകരം "കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ" എന്നീ വാക്കുകൾ ചേർക്കുക.

ഒന്നാം ഖണ്ഡികയുടെ അവസാനത്തിൽ താഴെപ്പറയുന്ന വാക്യം

ക്കൂട്ടിച്ചേർക്കുക. "ഇന്ത്യൻ ജനാധിപത്യത്തിന്റെ കാവൽക്കാരാകേണ്ട തെരഞ്ഞെടുപ്പ് കമ്മീഷൻ ഭരണഘടനാപരമായ നിഷ്പക്ഷതയും സ്വതന്ത്രമായ പ്രവർത്തനശൈലിയും ഉറപ്പാക്കുന്നതിൽ പരാജയപ്പെടുകയും, അതിന്റെ സമീപകാല നടപടികൾ ഭരണഘടനാ വിരുദ്ധവും രാഷ്ട്രീയ ലക്ഷ്യപ്രേരിതവുമാണെന്ന ഗുരുതരമായ സംശയങ്ങൾക്ക് ഇടവരുത്തുന്ന അസാധാരണ സാഹചര്യങ്ങൾ രൂപപ്പെട്ടിരിക്കുന്നു"

രണ്ടാം ഖണ്ഡികയുടെ അവസാനഭാഗത്ത് താഴെപറയുന്ന വാക്യം കൂട്ടിച്ചേർക്കുക. "വോട്ടർപട്ടിക പരിഷ്കരണത്തിന്റെ പേരിൽ പൗരന്മാർക്ക് മേൽ അമിതമായ രേഖാ പരിശോധനാ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നതും, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിക്കാത്തതും, ഭരണഘടന ഉറപ്പുനൽകുന്ന തുല്യമായ രാഷ്ട്രീയ പങ്കാളിത്തത്തെ ദുർബലപ്പെടുത്തുന്ന നടപടികളാണ്. വോട്ടർപട്ടികയിലെ ശുദ്ധീകരണം എന്ന പേരിൽ അർഹരായ ഒരാളുടെയും വോട്ടവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. "

ആറാം ഖണ്ഡികയിൽ ഇനം i ൽ "തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ച് ഒഴിവാക്കപ്പെട്ട അർഹരായ മുഴുവൻ" എന്നതിനുശേഷം ബാക്കിയുള്ളവ ഒഴിവാക്കി " വോട്ടർമാരേയും ഉൾപ്പെടുത്തി വോട്ടർ പട്ടിക അടിയന്തിരമായി തയ്യാറാക്കണമെന്നും; എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ആറാം ഖണ്ഡികയിൽ ഇനം ii ആയി ചുവടെ ചേർക്കുന്ന വാക്കുകളും ചിഹ്നവും ഉൾപ്പെടുത്തുക. ii നിയമാനുസൃതമായ പരിശോധനയും നടപടിക്രമവും പൂർത്തിയാക്കാതെ ഒരു പൗരന്റേയും വോട്ടവകാശം നിഷേധിക്കപ്പെടരുതെന്നും;

ആറാം ഖണ്ഡികയിൽ നിലവിലുള്ള ഇനം ii ഉം ഇനം iii ഉം പുനരക്കം ചെയ്യുക.

ആറാം ഖണ്ഡികയിൽ നിലവിലുള്ള ഇനം iii ന് ശേഷം ചുവടെ ചേർക്കുന്നത് ഉൾപ്പെടുത്തുക "ഒഴിവാക്കപ്പെട്ട പേരുകൾ ബൂത്ത് അടിസ്ഥാനത്തിലും മണ്ഡലം അടിസ്ഥാനത്തിലും പരിശോധിച്ച് അർഹരായ വോട്ടർമാരുടെ പേരുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതിന് പ്രത്യേക

പരിശോധനയും പരാതി പരിഹാര സംവിധാനവും ഏർപ്പെടുത്തുകയും ഇതിന്റെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്നും"

മി. സ്പീക്കർ: ശ്രീ കെ. രാജൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ:ശ്രീ. കെ. രാജൻ അവതരിപ്പിച്ച ദേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ പി. പ്രസാദ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ പി. പ്രസാദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ പി. പ്രസാദ്, അവതരിപ്പിച്ച ദേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

Government Resolution

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.